WEDNESDAY 30-11-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sreekala S

Editor : Dr. Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/11/2022.

1. വെള്ളായണി കാർഷിക കോളേജിൽ ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ വിളകളുടെ ജൈവ വൈവിധ്യ സംരക്ഷണവും പഠനവും ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി **വാഴ, മാവ്, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ വിളകൾ, കിഴങ്ങു വർഗ വിളകൾ, പച്ചക്കറി വിളകൾ, സുഗന്ധ വ്യജ്ഞനങ്ങൾ** എന്നീ വിളകളിൽ കേരളത്തിന്റെ തനതായ നാടൻ ഇനങ്ങളും അപൂർവ ഗുണങ്ങളുള്ള ഇനങ്ങളും കൃഷി ചെയ്യുന്ന അല്ലെങ്കിൽ അവയെ കുറിച്ച് വിവരമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, വാട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യണമെന്ന് കോളേജ് ഡീൻ അറിയിച്ചു.

| | |
|---|---|
| മാവ് | **9946867991** |
| വാഴ | **9497453663** |
| നെല്ല് | **9495817932** |
| ചെറുധാന്യങ്ങൾ,<br>പയറുവർഗ വിളകൾ,<br>കിഴങ്ങുവർഗ വിളകൾ | **9446177109** |
| സുഗന്ധവ്യഞ്ജനങ്ങൾ | **8547105571** |
| പച്ചക്കറി വിളകൾ | **9495974675** |

2. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സംസ്ഥാനത്തെ 30 തൊഴിൽരഹിതരായ കാർഷിക എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് കാർഷിക യന്ത്ര പ്രവർത്തനസേവനത്തിൽ 20 ദിവസത്തെയും സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്/ഡീസൽ മെക്കാനിക്/ മെക്കാനിക്ക് അഗ്രിക്കൾച്ചർ മെഷിനറി/ മെക്കാനിക്കൽ സർവീസിംഗ് ആന്റ് അഗ്രോ മെഷിനറി/ഫാം പവ്വർ എഞ്ചിനീയറിംഗ്/ മെക്കാനിക്ക് ട്രാക്റ്റർ എന്നീ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ട്രേഡിൽ ഐ.റ്റി.ഐ/വി.എച്ച്.എസ്.ഇ കോഴ്സ് പാസായവരിൽ നിന്നും തെരെഞ്ഞെടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെയും പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **ഡിസംബർ 05** നു വൈകിട്ട് 5 മണിക്ക് മുമ്പായി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ spokksac1@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ **8281200673** എന്ന വാട്ട്സാപ്പ് നമ്പരിലൂടെ അല്ലെങ്കിൽ ഇ-മെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

3. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ ക്യാംപസിൽ നിൽക്കുന്ന ഏഴ് എണ്ണം വിവിധ മരങ്ങളും ശിഖരങ്ങളും ഇന്ന് (നവംബർ 30) രാവിലെ 11 മണിക്ക് പരസ്യ ലേലം ചെയ്ത് വിൽക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിക്കുന്ന കെപ്കോ കേരള ചിക്കൻ (ചിൽഡ്-ഫ്രഷ്, ഫ്രോസൺ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും) വിൽപ്പന നടത്തുന്നതിന് കൊല്ലം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഡിസംബർ 09**-ന് മുമ്പ് മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ **9495000921** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

### പരിശീലന പരിപാടികൾ

5. കാർഷിക സർവകലാശാലയുടെ കൊട്ടാരക്കര സദാനന്ദപുരത്തുള്ള കൃഷി ഗവേഷണ കേന്ദ്രത്തിൽ **തേനീച്ച വളർത്തൽ, കൂൺ കൃഷി** എന്നിവയിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ ആദ്യവാരമാണ് പരിശീലനം. ഡിസംബർ രണ്ട് വരെ പേര് രജിസ്റ്റർ ചെയ്യാം. തേനീച്ച കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **7907014734** എന്ന ഫോൺ നമ്പരിലും, കൂൺ കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **8848914791** എന്ന ഫോൺ നമ്പരിലും ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 5 മുതൽ ഡിസംബർ 16 വരെ**യുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോൽപന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **ഡിസംബർ 3-ാം** തിയതി വൈകുന്നേരം 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, **0471 – 2440971** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

7. ക്യാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ 10 ദിവസത്തെ ഇടവേളയിലായി കളനിയന്ത്രണം നടത്തുന്നതോടൊപ്പം മണ്ണ് കയറ്റി കൊടുക്കുകയും ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പുതയിടുകയും ചെയ്യണം. പറിച്ചു നടീൽ കഴിഞ്ഞു 15, 30 ,45 ദിവസങ്ങളിൽ സമ്പൂർണ മൾട്ടിമിക്സ് 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുന്നതും നല്ലതാണ്. പതിനഞ്ച് ദിവസത്തെ ഇടവേളകളിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിച്ച് കൊടുക്കുന്നത് രോഗങ്ങളെ പ്രതിരോധിക്കാൻ ഒരു പരിധി വരെ സഹായകമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം